Draft #1 of File 26533/AC B7/3/2019/VC SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 24-Jul-2019 04:04 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിളെയും ഇൻ്ററർ സ്കൂൾ സെൻ്ററിലേക്കുമുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 3510/AC B 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 24.07.2019

---

പരാമർശം:-(1 ) സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിളെയും ഇൻ്ററർ സ്കൂൾ സെൻ്ററിലേക്കുമുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുന്നതുമായി പഠന വകുപ്പ് മേധാവിമാരും CAT പരീക്ഷ ഉപസമിതിയും വൈസ് ചാൻസലറുടെ മിനി കോൺഫറൻസ് ഹാളിൽ 05/07/2019, 02.00 പി.എം. ന് കൂടിയ യോഗത്തിൻ്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

മേൽ പരാമർശം (1) പ്രകാരം കൂടിയ യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ സ്വീകരിച്ചു.

1. അടുത്ത അക്കാദമിക വർഷത്തിലേക്കുള്ള വിവിധ പഠന വകുപ്പിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രവേശനത്തിനായി ഇൻ്റർവ്യൂ ആവശ്യമായി വരുന്ന പഠന വകുപ്പുകളിൽ വകുപ്പ് മേധാവിയുടെ ആവശ്യപ്രകാരം ഇൻ്റർവ്യൂ നടത്താവുന്നതാണെന്നും അല്ലാത്ത പഠന വകുപ്പുകളിൽ ഇൻ്റർവ്യൂ നടത്തേണ്ടതില്ലെന്നും ശിപാർശ ചെയ്യുന്നു.
2. സർവ്വകലാശാലയിലെഅഫിലിയേറ്റഡ്കോളേജുകളിൽ2019 ലെ ബിരുദാന്തര ബിരുദ പ്രവേശന നടപടികൾ അവസാനിക്കുന്ന തീയതിയിൽ (ജൂലൈ 29) സർവകലാശാലയുടെ പഠന വകുപ്പുകളിലെയും പ്രവേശന നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും ഏതെങ്കിലും പഠന വകുപ്പിന് കൂടുതൽ സമയം വേണ്ടതുണ്ടെങ്കിൽ മുൻകൂർ അനുവാദം മേടിച്ചിതിന് ശേഷം ആ തീയതിയിൽ പ്രവേശന നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശകൾ ബഹു: വൈസ് ചാൻസലർ (i/c) അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റൻ്റ് രജിസ്ട്രാർ 4 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) എല്ലാ പഠന വകുപ്പ് മേധാവിമാർക്കും

(2 ) വൈസ് ചാൻസലറുടെയും, പ്രോ- വൈസ് ചാൻസലറുടെയും പി.എസ് മാർ

(3) രജിസ്ട്രാറുടെ പി.എ

(4) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5) പി.ആർ.ഒ , കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ

(6) ഫയൽ കോപ്പി

Draft #1 of File 26533/AC B7/3/2019/VC SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 24-Jul-2019 04:04 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം